പത്രക്കുറിപ്പ്

22-9-2017

**റീസർജന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ് ) വായ്പ ലഭ്യമായവർക്ക് കുറഞ്ഞ വിലയിൽ ഗൃഹോപകരണങ്ങൾ:**

# ഗൃഹോപകരണ നിർമാതാക്കൾക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം

തിരുവനന്തപുരം: പ്രളയദുരന്തത്തിൽ ഗൃഹോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ മുഖേന കുറഞ്ഞ വിലയിൽ ഗുണനിലവാരമുള്ള ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കുന്നു. ഇതിനായി നിലവിലുള്ള മാർക്കറ്റ് വിലയിൽ നിന്നും ചുരുങ്ങിയത് നാൽപത് ശതമാനമെങ്കിലും വിലക്കുറവിൽ തങ്ങൾ ഉൽപാദിപ്പിക്കുന്ന ഗൃഹോപകരണങ്ങൾ നൽകാൻ താൽപര്യമുള്ള ബ്രാൻഡഡ് കമ്പനികളെ സഹകരിപ്പിച്ചുകൊണ്ട് അവരുടെ ഉൽപന്നങ്ങൾ ഗുണഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഗൃഹോപകരണ നിർമാതാക്കൾക്ക് കുടുംബശ്രീയുടെ വെബ്പോർട്ടലായ www.kudumbashree.org/pages/711 ൽ 24-9-2018 മുതൽ രജിസ്റ്റർ ചെയ്യാം. കമ്പനികൾ നൽകാൻ ഉദ്ദേശിക്കുന്ന ഉൽപന്നങ്ങൾ, യഥാർത്ഥ വില, ഡിസ്കൗണ്ടിനു ശേഷം ജി.എസ്.ടി ഉൾപ്പെടെയുള്ള വില, കാലാവധി, ഡിസ്കൗണ്ട് നിരക്കിൽ നൽകാൻ ഉദ്ദേശിക്കുന്ന ഉൽപന്നങ്ങളുടെ എണ്ണം എന്നിവയും രജിസ്റ്റർ ചെയ്യണം. സെപ്റ്റംബർ 27 ആണ് അവസാന തീയതി.

ഫ്രിഡ്ജ്, കട്ടിൽ, അലമാര, കസേര, ഗ്യാസ് അടുപ്പ്, ടി.വി, മിക്സി, വാഷിങ്ങ് മെഷീൻ, കുക്കർ, മേശ, ഫാൻ, ബെഡ്, സി.എഫ്.എൽ, എൽ.ഇ.ഡി ബൾബ്, മോട്ടോർ, വാട്ടർ ടാങ്ക്, ഗ്രൈൻഡർ, തേപ്പുപെട്ടി, തയ്യൽ മെഷീൻ, എമർജൻസി ലൈറ്റ് എന്നിവയ്ക്കാണ് കൂടുതൽ ആവശ്യമുള്ളത്.

പ്രളയബാധിതരായ റിസർജന്റ് കേരള ലോൺ സ്കീം വഴി വായ്പ ലഭ്യമായ ഗുണഭോക്താക്കൾ തന്നെയാണ് ഗൃഹോപകരണങ്ങൾ വാങ്ങാനെത്തുന്നതെന്നും കുടുംബശ്രീ കൃത്യമായി ഉറപ്പാക്കും. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് പ്രത്യേക കാർഡ് നൽകാനും തുടർന്ന് കമ്പനികൾ നേരിട്ട് നിർദേശിക്കുന്ന ഡീലർമാരിൽ നിന്നോ അംഗീകൃത ഏജൻസികളിൽ നിന്നോ ഗൃഹോപകരണങ്ങൾ കഴിയുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

ഇതു സംബന്ധിച്ച വിശദാംശങ്ങളും നടപടിക്രമങ്ങളും കുടുംബശ്രീ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. താൽപര്യമുള്ളവർക്ക് വെബ്സൈറ്റിൽ ഹോംപേജിൽ ഫ്ളെഡ് റിലീഫ് ആക്ടിവീറ്റീസ് എന്ന ലിങ്കിൽ ക്ളിക്ക് ചെയ്യുമ്പോൾ വരുന്ന പേജിലെ അവസാനത്തെ ടാബ് ആയ രജിസ്ട്രേഷൻ ഓഫ് കമ്പനീസ് ഫോർ ദി ഡിസ്ട്രിബ്യൂഷൻ ഓഫ് ഡെമസ്റ്റിക് അപ്ളൈയൻസസിൽ ലോഗിൻ ചെയ്ത് രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.

ഗൃഹോപകരണ നിർമാതാക്കൾക്ക് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാൻ വിളിക്കേണ്ട നമ്പർ : **9188112026**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**